# ചൈനയില് വര്‍ഷംതോറും അഞ്ച് ലക്ഷം പേര് ക്രിസ്ത്യാനികളാകുന്നു എം. സെബാസ്റ്റയ്ന്



ലണ്ടന്: ക്രിസ്തുവിശ്വാസം സ്വീകരിക്കുന്ന ജനങ്ങളുടെ എണ്ണത്തില് വന് കുതിപ്പുമായി കമ്യൂണിസ്റ്റ് ചൈന ഏവര്‍ക്കും അത്ഭുതമാകുന്നു. ക്രിസ്തുവിശ്വാസത്തിലേക്ക് തിരിയുന്നവരില് ചുരുങ്ങിയകാലംകൊണ്ട് മുമ്പന്തിയിലെത്തിയ ചൈനയില് വര്‍ഷംതോറും അഞ്ചുലക്ഷം പേര് വിശ്വാസസ്നാനം സ്വീകരിക്കുന്നതായിട്ടാണ് പുതിയ റിപ്പോര്‍ട്ട്. ബൈബിള് പ്രിന്റിംഗിന്റെ ആഗോള തലസ്ഥാനമെന്ന ഖ്യാതിയും നേടിയിരിക്കുന്ന ചൈനിയല് ഇതിനോടകം ഏഴു കോടിയോളം ബൈബിളുകള് ജനങ്ങളുടെ കൈകളില് എത്തിയതായും കണക്കാക്കുന്നു.
2009ല് മാത്രം നാല്‍പ്പത് ലക്ഷം ബൈബിളുകള് ജനങ്ങള്‍ക്ക് വിതരണം ചെയ്തതയാണ് ബൈബിള് സൊസൈറ്റി വിലയിരുത്തുന്നത്. എന്നാല് വര്‍ദ്ധിച്ചുവരുന്ന ആവശ്യത്തിന്റെ വളരെ ചെറിയൊരു ശതമാനം മാത്രമാണിത്. ബൈബിള് പ്രിന്റിംഗിലും വിതരണത്തിലും സര്‍ക്കാര് വച്ചിരിക്കുന്ന കടുത്ത നിയന്ത്രണങ്ങളെ മറികടന്ന് ഒന്നും ചെയ്യാന് സാധിക്കാത്തതിനാല് ആവശ്യക്കാരുടെ കൈകളില് സമ്പൂര്‍ണ്ണ ബൈബിള് എത്തിച്ചേരാന് ഇപ്പോള് വര്‍ഷങ്ങള്‍തന്നെ വേണ്ടിവരുന്നതായാണ് റിപ്പോര്‍ട്ട്.

രാജ്യത്തിന്റെ കണക്കുപ്രകാരം ഇപ്പോള് ശരാശരി മൂന്നുകോടി ജനങ്ങള് ക്രിസ്ത്യാനികളാണെന്നാണ് പറയപ്പെടുന്നത്. എന്നാല് രാജ്യത്തെ ക്രൈസ്തവരുടെ സംഖ്യ ഒമ്പതുകോടിയിലധികം ഉണ്ടാകുമെന്നാണ് അനൗദ്യോഗിക കണക്കുകള് സൂചിപ്പിക്കുന്നത്. സര്‍ക്കാര് അംഗീകാരം നല്‍കിയിരിക്കുന്ന ആരാധനാലായങ്ങളെ കേന്ദ്രീകരിച്ചുള്ള റിപ്പോര്‍ട്ടാണ് സര്‍ക്കാര് വെളിപ്പെടുത്തുന്നത്. എന്നാല് രാജ്യത്ത് പ്രവര്‍ത്തിക്കുന്ന ആയിരക്കണക്കിന് ഭവനസഭകളിലെ വിശ്വാസികളെക്കൂടി ഉള്‍പ്പെടുത്തിയാല് ക്രൈസ്തവര് ഒമ്പതുകോടിയിലധികം ഉണ്ടാകുമെന്നാണ് വിലയിരുത്തല്.
1987ല് സര്‍ക്കാര് നിയന്ത്രണത്തല് ആരംഭിച്ച അമിറ്റി പ്രിന്റിംഗ് പ്രസ് ഇതിനോടകം ഏഴുകോടി ബൈബിളുകള് വിതരണം ചെയ്തതായി കണക്കാക്കുന്നു. ഇതില് അഞ്ചുകോടിയെങ്കിലും ചൈനക്കാര്‍തന്നെ വാങ്ങിയതാണെന്നാണ് കണക്കാക്കുന്നത്. എല്ലാ 23 മിനിറ്റിലും ഓരോ ബൈബിള് വീതമാണ് അമിറ്റി ബൈബിള് പ്രിന്റിംഗ് പ്രസില്‍നിന്ന് പുറത്തുവരുന്നത്.
രാജ്യത്തെ പ്രധാന പട്ടണങ്ങളിലെ ജനങ്ങള്‍ക്ക് ബൈബിളുകള് വേഗത്തില് ലഭിക്കുമ്പോള് ഉള്‍പ്രദേശങ്ങളിലാണ് ബൈബിളിന് ക്ഷാമം അനുഭവപ്പെടുന്നത്. ദിവസം രണ്ടു ഡോളര് മാത്രം വരുമാനമുള്ളവരാണ് ഗ്രാമീണരില് ഭൂരിഭാഗവും. സ്വന്തമായി ബൈബിള് കരസ്ഥമാക്കുക എന്നത് ഇവര്‍ക്ക് ഏറെ

ചെലവേറിയ കാരമായതിനാല് ഗ്രാമീണർക്ക് കുറഞ്ഞ ചെലവില് ബൈബിള്
ലഭ്യമാക്കാനുള്ള പദ്ധതികളും ബൈബിള് സൊസൈറ്റി ആലോചിക്കുന്നു.
രാജ്യത്തുനിന്നുള്ള വിവിധ ക്രിസ്റ്റയ്ന് സംഘടനകള് പണം കണ്ടെത്തി
കഴിവതും വിലക്കുറച്ച് ഗ്രാമീണവിശ്വാസികൾക്ക് ബൈബിള്
എത്തിക്കുവാനാണ് ശ്രമങ്ങള് നടക്കുന്നത്.
ചെമ്പടയുടെ നിയന്ത്രണത്തിനു വെളിയിലേക്ക് ക്രൈസ്തവ വിശ്വാസം
കുതിച്ചുയരുന്നത് വളരെ ഭയത്തോടെയാണ് ഇവിടുത്തെ കമ്യൂണിസ്റ്റ്
ഭരണകൂടം നോക്കിക്കാണുന്നത്. ഏതെല്ലാം രീതിയില് വിശ്വാസികളെ
പീഡിപ്പിക്കാമോ അത്തരം എല്ലാ മാർഗ്ഗങ്ങളും സർക്കാര് കൈക്കൊള്ളുന്നു.
ഭവനസഭകളില് യോഗം നടക്കുമ്പോള് പോലീസും പട്ടാളവും ഇടിച്ചുകയറി
ജനങ്ങളെയും പാസ്റ്റർമാരെയും പീഡിപ്പിക്കുകയും ജയിലിലടയ്ക്കുകയും
ചെയ്യുകയും വീടുകള് ഇടിച്ച് നിരപ്പാക്കുകയും ചെയ്യുന്നു. എന്നാല് ഇതൊന്നും
ചൈനീസ് വിശ്വാസികളെ നിരുത്സാഹപ്പെടുത്തുന്നില്ല.